# കോതമംഗലം നഗരസഭ

## *കമാനങ്ങളും പരസ്യ ബോർഡുകളും സ്ഥാപിക്കൽ ബൈലോ (കരട്)*

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ 567–ാം വകുപ്പിന്റെ ഉപവകുപ്പുകൾ പ്രകാരം നൽകപ്പെട്ടിട്ടുള്ള അധികാരങ്ങൾ വിനിയോഗിച്ചും 1994 ലെ കേരള മുനിസിപ്പാലിറ്റി ആകട് സെക്ഷൻ 369,372,375,411,440,447എന്നിവയും ഉപ വകുപ്പുകളും പ്രകാരവും 1999–ലെ കേരള മുനിസിപ്പാലിറ്റി (പൊതു തെരുവുകളിലും പൊതു സ്ഥലങ്ങളിലും കമാനങ്ങളും പരസ്യ ബോർഡുകളും സ്ഥാപിക്കൽ) ചട്ടങ്ങൾ പ്രകാരവും തൊടുപുഴ നഗരസഭ താഴെപ്പറയുന്ന നിയമാവലി നിർമ്മിക്കുന്നു. അതായത്

1. **ചുരുക്കപ്പേരും, വ്യാപ്തിയും പ്രാരംഭവും:**
   1) ഈ നിയമാവലിക്ക് സ്വകാര്യ സ്ഥലങ്ങളിലും പൊതു തെരുവുകളിലും പൊതു സ്ഥലങ്ങളിലും കമാനങ്ങളും പരസ്യ ബോർഡുകളും സ്ഥാപിക്കൽ ബൈലോ എന്ന് അറിയപ്പെടും.
   2) ഇതിന് കോതമംഗലം നഗരസഭാ പ്രദേശത്ത് ഒട്ടാകെ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.
   3) ഇത് 01/01/2019 തീയതി മുതൽ പ്രാബല്യത്തിൽ വന്നതായി കണക്കാക്കേണ്ടതാണ്.

2. **നിർവചനങ്ങൾ:** ഈ ചട്ടങ്ങളിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം
   1) **സെക്രട്ടറി** എന്നാൽ കോതമംഗലം നഗരസഭാ സെക്രട്ടറി എന്നും ലൈസൻസി/അപക്ഷകൻ എന്നാൽ അപേക്ഷ സമർപ്പിക്കുന്നയാൾ എന്നും അർത്ഥമാക്കുന്നു.
   2) **കെട്ടിടം** എന്നാൽ കല്ലോ, മരമോ, ഇഷ്ടികയോ മറ്റേതെങ്കിലും സാധനം കൊണ്ടോ ഉണ്ടാക്കിയ വാസയോഗ്യമായതും ഒരു നിലയിലോ ബഹു നിലയിലോ ആയ കോൺക്രീറ്റ് കെട്ടിടം അല്ലെങ്കിൽ എടുപ്പ് എന്നർത്ഥമാകുന്നു.
   3) **പൊതു തെരുവ്** എന്നാൽ പൊതു നിരത്തായിരുന്നാലും അല്ലെങ്കിലും, പൊതുജനങ്ങൾക്ക് വഴിയായി ഉപയോഗിക്കുവാൻ അവകാശമുള്ളതായ ഏതെങ്കിലും തെരുവ്, റോഡ്, ഇടവഴി, വഴി അഥവാ സവാരിപ്പാത എന്നർത്ഥം.
   4) **കമാനം** എന്നാൽ ഇരുമ്പുകൊണ്ടോ ശക്തിയുള്ള സാമഗ്രികൾ കൊണ്ടോ പൊതു നിരത്തിന് കുറുകയോ കാൽനടയാത്രക്കാർക്ക് തടസ്സമാകാത്ത രീതിയിൽ നടപ്പാതയ്ക്ക് പിന്നിലായി ആർച്ച് ആകൃതിയിലോ, കുത്തനെയോ, മറ്റേതെങ്കിലും രീതിയിലോ ജനശ്രദ്ധ ആകർഷിക്കത്തക്ക വിധത്തിൽ നിർമ്മിക്കുന്ന കമാനം അല്ലെങ്കിൽ കവാടം എന്നർത്ഥമാകുന്നു.
   5) **പരസ്യ ബോർഡുകൾ** എന്നാൽ ചതുരത്തിലോ, ദീർഘ ചതുരത്തിലോ മറ്റേതെങ്കിലും ആകൃതിയിലോ നാല് ചുറ്റും ബലപ്പെടുത്തിയതോ പ്ലാസ്റ്റിക് കൊണ്ടോ, ഫ്ളക്സ്കൊണ്ടോ ഏതെങ്കിലും ലോഹ നിർമ്മിതമായ മറ്റു വസ്തുക്കൾ ഉപയോഗിച്ച് നിർമ്മിച്ച ജനശ്രദ്ധ ആകർഷിക്കത്തക്ക രീതിയിൽ പ്രദർശിപ്പിക്കുന്ന ഇലക്ട്രോണിക് ഡിസ്പ്ലേ ബോർഡുകൾ ഉൾപ്പെടെയുള്ള ബോർഡുകൾ എന്നർത്ഥമാകുന്നു.
   6) **ലൈസൻസി** എന്നാൽ പരസ്യ ബോർഡോ കമാനമോ സ്ഥാപിക്കുന്നതിന് അനുമതി ലഭിക്കുന്നയാൾ എന്നർത്ഥം.

3. കോതമംഗലം നഗരസഭാ പ്രദേശത്ത് പരസ്യത്തിന്റെ ബാഹുല്യം നിമിത്തം നഗരത്തിന്റെ തനിമയും ഭംഗിയും നഷ്ടപ്പെടാതിരിക്കാനും നഗരം പരസ്യങ്ങൾക്കൊണ്ട് വികൃതമാക്കാതിരിക്കുന്നതിനുമായി നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിനും വേണ്ടിയുള്ള ഉദ്ദേശ്യലക്ഷ്യത്തോടെയാണ് നഗരസഭ കൗൺസിൽ 1994 ലെ കേരളാ മുനിസിപ്പൽ ആക്ട് 567–ാം വകുപ്പിന്റെ (9),(10), (11), (32) എന്നീ ഉപ വകുപ്പുകളും 369,372,375,411,440,447 എന്നീ വകുപ്പുകളും ഉപ വകുപ്പുകളും 1999–ലെ കേരള മുനിസിപ്പാലിറ്റി (പൊതു തെരുവുകളിലും പൊതു സ്ഥലങ്ങളിലുംകമാനങ്ങളും പരസ്യ ബോർഡുകളും സ്ഥാപിക്കൽ) ചട്ടങ്ങളനുസരിച്ചുമാണ് ഈ ബൈലോ പുറപ്പെടുവിക്കുന്നത്.

4. നഗരസഭാ സെക്രട്ടറിയുടെ രേഖാമൂലമുള്ള അനുവാദം കൂടാതെ നഗരസഭാ പ്രദേശത്ത് യാതൊരു പരസ്യവും ഏതെങ്കിലും റോഡ് പുറമ്പോക്കിലോ, പൊതുകളിസ്ഥലങ്ങളിലോ, ഏതെങ്കിലും പൊതു ഭൂമിയിലോ, പൊതു കെട്ടിടത്തിന്മേലോ, സ്വകാര്യ ഭൂമിയിലോ, സ്വകാര്യ കെട്ടിടത്തിന്മേലോ അല്ലെങ്കിൽ അതിന്റെ മുകളിലോ കുത്തനെ നിർത്തുകയോ, ഉറപ്പിച്ചു നിർത്തുകയോ അല്ലെങ്കിൽ ഏതെങ്കിലും സ്ഥലത്ത് പൊതുജനശ്രദ്ധയ്ക്കായി പ്രദർശിപ്പിക്കുവാനോ പാടുള്ളതല്ല.

5. ചരിത്ര സ്മാരകങ്ങളായ കെട്ടിടങ്ങൾ, ചുവരുകൾ, സ്മാരകങ്ങൾ എന്നിവയിലും പൊതു ഉദ്യാനങ്ങൾ, ട്രാഫിക് ഐലൻറുകൾ, മീഡിയനുകൾ, ഫുട്പാത്തുകൾ എന്നിവയിലും യാതൊരു പരസ്യവും സ്ഥാപിക്കുവാൻ പാടില്ലാത്തതാകുന്നു.

6. യാതൊരുവിധ കമാനങ്ങളും, പരസ്യ ഹോർഡിംഗുകളും, ബോർഡുകളും, സിനിമാ പോസ്റ്ററുകളും, ചുവർ പരസ്യങ്ങളും, കളിസ്ഥലങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തിരക്കുള്ള ജംഗ്ഷനുകൾ, ട്രാഫിക് ഐലൻറുകൾ, നഗരസഭ നിശ്ചയിക്കുന്ന പ്രധാനപ്പെട്ട റോഡുകൾ, എന്നിവിടങ്ങളിൽ സ്ഥാപിക്കുവാൻ പാടില്ലാത്തതാകുന്നു.

7. സെക്രട്ടറി അല്ലെങ്കിൽ സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ നിർദ്ദേശിക്കുന്ന തരത്തിലും നിബന്ധനകൾ അനുസരിച്ചും നഗരപ്രദേശത്ത് വൃത്തിയായും, ഭംഗിയായും മാത്രമേ സിനിമാ പോസ്റ്ററുകൾ ഉൾപ്പെടെ ഏത് തരത്തിലുള്ള പരസ്യങ്ങളും സ്ഥാപിക്കുവാൻ പാടുള്ളൂ.

8. നഗരസഭാ സെക്രട്ടറിയുടെ അനുമതിയ്ക്ക് വിധേയമായി മാത്രമേ ഏതു പരിസരത്തിലും, പരസ്യം പ്രദർശിപ്പിക്കുവാൻ പാടുള്ളൂ.

9. നഗരസഭാ അതിർത്തിയിൽ ഏതൊരു സ്വകാര്യ സ്ഥലത്തും,പൊതു സ്ഥലത്തും പരസ്യം സംബന്ധിച്ചുള്ള ഏതെങ്കിലും അടയാളമോ, അക്ഷരങ്ങളോ, ചിഹ്നങ്ങളോ പ്രദർശിപ്പിക്കുന്നതിന് മുമ്പായി നഗരസഭയുടെ അനുമതി വാങ്ങിയിരിക്കേണ്ടതും, നിശ്ചിത നിരക്കിലുള്ള ലൈസൻസ് ഫീസ് ഒടുക്കേണ്ടതുമാണ്.

10. ഫുട്പാത്തിൽക്കൂടി സഞ്ചരിക്കുന്ന കാൽനട യാത്രക്കാർക്ക് അസൗകര്യം ഉണ്ടാക്കുന്ന തരത്തിൽ യാതൊരുവിധ കമാനമോ, പരസ്യബോർഡോ, തൂണോ സ്ഥാപിക്കുവാൻ പാടുള്ളതല്ല. കമാനത്തിന്റേയോ, പരസ്യബോർഡിന്റേയോ തൂണുകൾ ടാർ/കോൺക്രീറ്റിംഗ് ചെയ്ത ഭാഗത്തിന്റെ വെളിലായിരിക്കണം സ്ഥാപിക്കേണ്ടത്. ഫുട്പാത്തുള്ള റോഡിന്റെ വശങ്ങളിൽ ഫുട്പാത്തിന് വെളിയിൽ മാത്രമേ കമാനത്തിന്റെയോ, പരസ്യ ബോർഡിന്റേയോ തൂണുകൾ സ്ഥാപിക്കുവാൻ പാടുള്ളൂ.

11. 1999 ലെ കേരളാ മുനിസിപ്പാലിറ്റി (പൊതു തെരുവുകളിലും, പൊതുസ്ഥലങ്ങളിലും കമാനങ്ങളും, പരസ്യബോർഡുകളും സ്ഥാപിക്കൽ) ചട്ടങ്ങളുടെ നാലാം ചട്ടത്തിന്റെ (3)(എ) പ്രകാരം കമാനങ്ങൾ അനുവദിക്കുന്നത് ഹ്രസ്വകാലത്തേക്ക് മാത്രമാണ്. കമാനങ്ങൾ സ്ഥാപിക്കുന്നതുമൂലം റോഡിന് എന്തെങ്കിലും കേടുപാടുകൾ ഉണ്ടാകുന്ന പക്ഷം കമാനങ്ങൾ പൊളിച്ചു നീക്കിയാലുടൻ തന്നെ ലൈസൻസി ആവശ്യമായ അറ്റകുറ്റപ്പണികൾ ചെയ്ത് റോഡ് പൂർവ്വ സ്ഥിതിയിലാക്കേണ്ടതും, അല്ലാത്ത പക്ഷം പ്രസ്തുത ജോലി മുനിസിപ്പൽ ഫണ്ട് ഉപയോഗിച്ച് ലൈസൻസിയുടെ നഷ്ടോത്തര വാദിത്വത്തിൽ ചെയ്യിക്കുന്നതും, ചെലവ് ലൈസൻസിയുടെ ഡെപ്പോസിറ്റിൽ നിന്ന് ഈടാക്കുന്നതും, തികയാതെ വരുന്ന തുക വസ്തു നികുതി കുടിശ്ശിഖ ഈടാക്കുന്ന നടപടിക്രമമനുസരിച്ച് ലൈസൻസിയിൽ നിന്നും ഈടാക്കാൻ സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കുന്നതുമാണ്.

12. കമാനം, പരസ്യ ബോർഡുകൾ, തൂണുകൾ എന്നിവ സ്ഥാപിക്കുന്നത് വൈദ്യുതലൈനുകളിൽ നിന്നും അപകട സാദ്ധ്യത ഒഴിവാക്കിക്കൊണ്ടായിരിക്കണം.

13. യാതൊരു പരസ്യബോർഡുകളും, ഹോർഡിംഗുകളും പൊതുവഴികളിൽ നിന്നും നഗരസഭയുടെ എഞ്ചിനീയറിംഗ് വിഭാഗം പരിശോധിച്ച് നിശ്ചയിക്കുന്ന ദൂരപരിധിയിൽ മാത്രമേ സ്ഥാപിക്കുവാൻ പാടുള്ളൂ.

14. നിലത്ത് സ്ഥാപിക്കുന്ന ബോർഡുകളുടെ മൊത്തം ഉയരം പരമാവധി 9 മീറ്റർ ആയും, പരസ്യ ഫലകത്തിന്റെ പരമാവധി ഉയരം 6 മീറ്ററായും, നീളം പരമാവധി 15 മീറ്ററായും നിജപ്പെടുത്തിയിരിക്കുന്നു.

15. മൂന്നു നിലകളിൽ കൂടുതൽ ഉയരമുള്ള കെട്ടിടങ്ങൾക്ക് മുകളിൽ പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകുന്നതല്ല.

16. 12 സ്ക്വയർ മീറ്ററിനു മുകളിൽ വിസ്തീർണ്ണമുള്ള എല്ലാ ബോർഡുകൾക്കും എം.ടെക്. ബിരുദമുള്ള സ്ട്രക്ചറൽ എഞ്ചിനീയറിൽ നിന്ന് സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുമാണ്.

17. ഏതൊരു വ്യക്തിയും പരസ്യം പ്രദർശിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുവെങ്കിൽ മതിയായ കോർട്ട് ഫീസ് സ്റ്റാമ്പ് ഒട്ടിച്ച് നിശ്ചിത ഫോറത്തിൽ പരസ്യം സംബന്ധിച്ചുള്ള വിവരങ്ങൾ, സ്ഥാപിക്കുന്ന പരസ്യ ബോർഡുകളുടെ വിവരണം, ബോർഡ് സ്ഥാപിക്കുവാൻ ഉപയോഗിക്കുന്ന സാധനങ്ങൾ, സ്ഥലം എന്നിവ വ്യക്തമായി രേഖപ്പെടുത്തി പ്ലാൻ/സൈറ്റ് പ്ലാൻ, അപേക്ഷകന്റെ തിരിച്ചറിയൽ രേഖ എന്നിവ സഹിതം സമർപ്പിക്കേണ്ടതാണ്.

18. ലൊക്കേഷൻ പ്ലാൻ, സ്ട്രക്ചറൽ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ്, ഡിപ്പാർട്ടമെന്റിന്റെ/സ്ഥലമുടമയുടെ സമ്മതപത്രം ആവശ്യമുള്ള പക്ഷം ആയത് എന്നിവ സഹിതം 15 ദിവസത്തിനു മുൻപ് നഗരസഭാ സെക്രട്ടറിക്ക് അപേക്ഷ നൽകേണ്ടതാണ്. ലഭ്യമാകുന്ന അപേക്ഷകൾ നഗരസഭാ സെക്രട്ടറി ക്ഷമതയുള്ള ഉദ്യോഗസ്ഥരെക്കൊണ്ട് പരിശോധന നടത്തി, സാധുവായവ അപേക്ഷകരിൽ നിന്നും നിർദ്ദേശാനുസരണം ഡെപ്പോസിറ്റ്, ലൈസൻസ് ഫീസ് എന്നിവ ഒടുക്കുന്നതിന് അപേക്ഷകരെ അറിയിക്കേണ്ടതുമാണ്. അപേക്ഷകൻ നിശ്ചിത ഫീസ് ഒടുക്കി നഗരസഭാ സെക്രട്ടറി നിശ്ചയിക്കുന്ന വ്യവസ്ഥകൾ പാലിച്ചുകൊള്ളാമെന്ന് സമ്മതിച്ചുകൊണ്ട് 200/ രൂപ വിലയുള്ള മുദ്രപ്പത്രത്തിൽ (കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കനുസരിച്ച് മുദ്രപ്പത്രത്തിന്റെ വിലയിൽ മാറ്റം വരുന്നതാണ്) നഗരസഭാ സെക്രട്ടറിയുമായി എഗ്രിമെന്റ് വയ്ക്കേണ്ടതുമാണ്. (അപേക്ഷാഫോറം, മുദ്രപ്പത്രത്തിൽ എഴുതി തയ്യാറാക്കേണ്ട എഗ്രിമെന്റ് എന്നിവയുടെ മാതൃക അനുബന്ധമായി ചേർത്തിരിക്കുന്നു.)

a) ബോർഡുകൾ സ്ഥാപിക്കുന്നതിന് നൽകുന്ന ലൈസൻസിന്റെ കാലാവധി, ലൈസൻസ് നൽകുന്ന ദിവസം മുതൽ ചുരുങ്ങിയത് ഒരു മാസവും, പരമാവധി ഒരു വർഷം വരെയും മാത്രമായിരിക്കുന്നതാണ്.

b) ബോർഡുകളുടെ ലൈസൻസ് പുതുക്കുന്നതിനായി ലൈസൻസ് കാലാവധി അവസാനിക്കുന്നതിന് 30 ദിവസം മുൻപെ മതിയായ കോർട്ട് ഫീസ് സ്റ്റാമ്പ് ഒട്ടിച്ച നിശ്ചിത ഫോറത്തിൽ പരസ്യം സംബന്ധിച്ചുള്ള വിവരങ്ങൾ, സ്ഥാപിക്കുന്ന പരസ്യ ബോർഡുകളുടെ വിവരണം, ബോർഡ് സ്ഥാപിച്ചിരിക്കുന്നതിന് ഉപയോഗിക്കുന്ന സാധനങ്ങൾ, ലൊക്കേഷൻ പ്ലാൻ, സ്ട്രക്ചറൽ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ്, ഡിപ്പാർട്ടമെന്റിന്റെ/സ്ഥലമുടമയുടെ സമ്മതപത്രം ആവശ്യമുള്ള പക്ഷം ആയത് എന്നിവ സഹിതം നഗരസഭാ സെക്രട്ടറിക്ക് അപേക്ഷ നൽകേണ്ടതാണ്. ലഭ്യമാകുന്ന അപേക്ഷകൾ നഗരസഭാ സെക്രട്ടറി ക്ഷമതയുള്ള ഉദ്യോഗസ്ഥരെക്കൊണ്ട് പരിശോധന നടത്തി സാധുവായവ അപേക്ഷകരിൽ നിന്നും നിർദ്ദേശാനുസരണം ഡെപ്പോസിറ്റ്, ലൈസൻസ് ഫീസ് എന്നിവ ഒടുക്കുന്നതിന് അപേക്ഷകരെ അറിയിക്കേണ്ടതുമാണ്. അപേക്ഷകൻ നിശ്ചിത ഫീസ് ഒടുക്കി നഗരസഭാ സെക്രട്ടറി നിശ്ചയിക്കുന്ന വ്യവസ്ഥകൾ പാലിച്ചുകൊള്ളാമെന്ന് സമ്മതിച്ചുകൊണ്ട് 200/ രൂപ വിലയുള്ള മുദ്രപ്പത്രത്തിൽ(കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കനുസരിച്ച് മുദ്രപ്പത്രത്തിന്റെ വിലയിൽ മാറ്റം വരുന്നതാണ്) നഗരസഭാ സെക്രട്ടറിയുമായി എഗ്രിമെന്റ് വയ്ക്കേണ്ടതുമാണ്. (അപേക്ഷാഫോറം, മുദ്രപ്പത്രത്തിൽ എഴുതി തയ്യാറാക്കേണ്ട എഗ്രിമെന്റ് എന്നിവയുടെ മാതൃക അനുബന്ധമായി ചേർത്തിരിക്കുന്നു.)

19. ലൈസൻസ് ഫീസ്, ഡെപ്പോസിറ്റ് എന്നിവ സംബന്ധിച്ചുള്ള നിരക്കുകൾ നഗരസഭാ കൗൺസിലുകൾക്ക് യഥാസമയം നിശ്ചയിക്കുവാൻ അധികാരമുണ്ട്. എന്നാൽ ആ നിരക്കുകൾ ടി ആവശ്യാർത്ഥം സർക്കാർ നിർദ്ദേശിക്കുന്ന നിരക്കിൽ കുറയാൻ പാടില്ലാത്തതും ആയവ സർക്കാർ നിശ്ചയിക്കാവുന്ന ഒഴിവാക്കലുകൾക്ക് വിധേയമായിട്ടായിരിക്കുന്നതുമാണ്.

20. പുതിയ ബോർഡുകൾ സ്ഥാപിക്കാനുള്ള അപേക്ഷകളിൻമേൽ 25 ദിവസത്തിനകവും നിലവിലുള്ളവയുടെ അംഗീകാരം പുതുക്കുന്നതിനുള്ള അപേക്ഷകളിൻമേൽ 15 ദിവസത്തിനകവും തീർപ്പുകൽപ്പിക്കേണ്ടതുമാണ്.

21. സെക്രട്ടറിയുടെ പക്കൽ നിന്നും ലഭ്യമാകുന്ന അനുമതിപത്രം സംബന്ധിച്ച വിവരം ഓരോ പരസ്യബോർഡിന്റെയും താഴെ വലത് ഭാഗത്ത് നിർബന്ധമായും പ്രദർശിപ്പിക്കേണ്ടതാണ്. അപ്രകാരം പ്രദർശിപ്പിക്കാത്ത പരസ്യങ്ങളെ അനധികൃതമായി കണക്കാക്കി നീക്കം ചെയ്യുന്നതുൾപ്പടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

22. പുതുതായി സ്ഥാപിക്കുന്ന ബോർഡുകൾ നിലവിലുള്ള ബോർഡുകളുടെയോ, സ്ഥാപനങ്ങളുടെയോ കാഴ്ചയെ മറയ്ക്കുന്നില്ലായെന്ന് അപേക്ഷകരും, പരിശോധകരും ഉറപ്പു വരുത്തേണ്ടതാണ്.

23. അശ്ലീല പരസ്യങ്ങളും, ലഹരി വസ്തുക്കൾ, പുകയില ഉൽപ്പന്നങ്ങൾ എന്നിവയുടെ പരസ്യങ്ങളും, സർക്കാർ നിരോധിച്ചിട്ടുള്ള പരസ്യങ്ങളും, യാതൊരു കാരണവശാലും പ്രദർശിപ്പിക്കുവാൻ പാടുള്ളതല്ല.

24. നഗരം വികൃതമാകാതിരിക്കുന്നതിനായി നഗരത്തിൽ റോഡ് പുറമ്പോക്കിലും, പൊതുസ്ഥലങ്ങളിലും പരസ്യം പ്രദർശിപ്പിക്കുന്നതിന് ഒരു പൊതുമാനദണ്ഡം എന്ന നിലയിൽ നഗരസഭ നിശ്ചയിക്കുന്ന സ്ഥലങ്ങളിൽ മാത്രമേ ഏതൊരുവിധ പരസ്യങ്ങളും, സിനിമാ പോസ്റ്ററുകളും പ്രദർശിപ്പിക്കുവാൻ പാടുള്ളൂ.

25. നഗരസഭാ മേഖലയിലെ പൊതു സ്ഥലങ്ങളിൽ നിൽക്കുന്ന വൃക്ഷങ്ങളിൽ യാതൊരു തരത്തിലുള്ള പരസ്യങ്ങളോ, പരസ്യബോർഡുകളോ, ഹോർഡിംഗുകളോ ആണിയടിച്ച് സ്ഥാപിക്കുന്നതും, ടി വൃക്ഷങ്ങൾഏതെങ്കിലും തരത്തിലുള്ള പരസ്യപ്രദർശനങ്ങൾക്കായി ഉപയോഗിക്കുന്നതും കർശനമായി നിരോധിച്ചിരിക്കുന്നു. ആയതിനു വിരുദ്ധമായി പ്രവർത്തിക്കുന്നവർ നഗരസഭാ സെക്രട്ടറി നിശ്ചയിക്കുന്ന പിഴ ഒടുക്കുവാൻ ബാധ്യസ്ഥരായിരിക്കും.

26. ഓരോ സാമ്പത്തിക വർഷത്തേക്കും നഗരസഭ വക സ്ഥലങ്ങളിൽ നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി പരസ്യം സ്ഥാപിക്കുന്നതിലേയ്ക്കുള്ള അവകാശം (തറ വാടക) പരസ്യ ലേലം/ക്വട്ടേഷൻ ചെയ്തു നൽകാവുന്നതാണ്.

27. ലേല/ക്വട്ടേഷനിൽ ഏറ്റവും കൂടുതൽ തുകയ്ക്ക് ലേലം പിടിക്കുന്ന ആളിന് പരസ്യം പ്രദർശിപ്പിക്കുന്നതിന് തുക ഈടാക്കി അനുമതി നൽകാവുന്നതാണ്. ലേലം പിടിക്കുന്ന ആളിന് സ്വന്തം ചെലവിൽ ബോർഡ് സ്ഥാപിക്കാവുന്നതും, പരസ്യ ബോർഡ് സ്ഥാപിക്കുന്നതിനുള്ള മറ്റ് പൊതു നിബന്ധനകൾ പാലിക്കേണ്ടതും നിയമവിധേയമായി പരസ്യ പ്രദർശനം നടത്താവുന്നതുമാണ്.

28. ഏതൊരു പരസ്യ ബോർഡുകളും, ഹോർഡിംഗുകളും, സിനിമാ പോസ്റ്ററുകളുൾപ്പടെയുള്ള മറ്റ് പരസ്യങ്ങളും നിരോധിക്കുന്നതിനും അനുമതി നൽകിയവയാണെങ്കിലും പൊതുജനങ്ങൾക്കും, കാൽനട യാത്രക്കാർക്കും, വാഹന ഗതാഗതത്തിനും, വാഹനമോടിക്കുന്നവർക്കും തടസ്സമാണെന്ന് സെക്രട്ടറിക്ക് ബോധ്യം വന്നാൽ അവയെ മാറ്റാൻ ഉടമകളോട് ആവശ്യപ്പെടാവുന്നതും, ഉടമ മാറ്റാത്ത പക്ഷം ടി പരസ്യങ്ങൾ സെക്രട്ടറിക്ക് നീക്കം ചെയ്യാവുന്നതും ആയതിലേക്കുള്ള ചിലവ് അപേക്ഷകന്റെ ഡെപ്പോസിറ്റിൽ നിന്നും ഈടാക്കാവുന്നതും, ആയത് തികയാതെ വന്നാൽ വസ്തുനികുതി കുടിശിഖ പിരിക്കുന്ന നടപടിക്രമങ്ങൾ പ്രകാരം ഈടാക്കാവുന്നതാണ്.

29. ഈ ബൈലോയിൽ പ്രതിപാദിച്ചിട്ടുള്ള വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന ഏതൊരു വ്യക്തിയുടേയും, സ്ഥാപനത്തിന്റേയും പരസ്യം നോട്ടീസ് കൂടാതെ തന്നെ നഗരസഭാ സെക്രട്ടറിക്ക് നീക്കം ചെയ്യാവുന്നതും, അതിനായി ചെലവാകുന്ന മുഴുവൻ തുകയും കുറ്റക്കാരിൽ നിന്നും ഈടാക്കാവുന്നതുമാണ്.

30. ഏതൊരു പരസ്യം പ്രദർശിപ്പിക്കുന്ന വ്യക്തിയോ, സ്ഥാപനമോ, സർക്കാർ സ്ഥാപനങ്ങളോ യഥാസമയം നഗരസഭാ സെക്രട്ടറിയുടെ അനുമതി കൂടാതെ പരസ്യം പ്രദർശിപ്പിക്കുന്നതായി കാണുന്നതായാൽ നഗരസഭാ സെക്രട്ടറിക്ക് നോട്ടീസ് നൽകാവുന്നതും, മറ്റ് നികുതികൾ ഈടാക്കുന്ന വ്യവസ്ഥകൾ പ്രകാരം ശിക്ഷാ നടപടി സ്വീകരിച്ച് തുക വസൂലാക്കാവുന്നതുമാണ്.

31. മേൽ പ്രസ്താവിച്ച ബൈലോകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന ഏതൊരു വ്യക്തിയെയും, സ്ഥാപനത്തെയും സർക്കാർ സ്ഥാപനങ്ങളിലെ വകുപ്പ് മേധാവികളെയും പൊതുമേഖലാ സ്ഥാപനങ്ങളെയും 1994 ലെ കേരളാ മുനിസിപ്പൽ ആക്ടിലെ സെക്ഷൻ 275(2) പ്രകാരമുള്ള ശിക്ഷാ നടപടികൾക്ക് വിധേയമാക്കാവുന്നതും, കേരളാ മുനിസിപ്പാലിറ്റി (കുറ്റങ്ങൾ, രാജിയാക്കൽ) ചട്ടങ്ങളിൽ അനുശാസിക്കുന്ന വ്യവസ്ഥ പ്രകാരം 5,000/- വരെ പിഴ ഈടാക്കാവുന്നതാണ്.

32. അനധികൃത പരസ്യം പ്രദർശിപ്പിച്ച വകയിൽ മുനിസിപ്പാലിറ്റിക്ക് ഏതെങ്കിലും തുക അടയ്ക്കാൻ വീഴ്ച വരുത്തിയ കുറ്റം ഒഴികെ, ഒരിക്കൽ രാജിയാക്കിയ അതേ കുറ്റം ആവർത്തിക്കുന്ന സംഗതികളിൽ വീണ്ടും രാജിയാക്കാവുന്നതല്ല.

33. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടോ, അതുപ്രകാരമുള്ള ചട്ടമോ, ബൈലോയോ, റഗുലേഷനോ പ്രകാരം നഗരസഭയുടേയോ, സെക്രട്ടറിയുടേയോ ലൈസൻസോ, അനുവാദമോ നഗരസഭയിലെ രജിസ്ട്രേഷനോ ഏതെങ്കിലും പ്രവൃത്തി ചെയ്യുന്നതിന് ആവശ്യമായിരിക്കുകയും, അങ്ങനെയുള്ള പ്രവൃത്തി അനുവാദമോ രജിസ്ട്രേഷനോ കൂടാതെയോ അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും ലൈസൻസിലെയോ വ്യവസ്ഥകൾക്ക് യോജിക്കാത്ത വിധത്തിലോ ചെയ്യുന്നതാകയാൽ

(A) സെക്രട്ടറിക്കോ അദ്ദേഹം യഥാവിധി അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ അങ്ങനെയുള്ള പ്രവൃത്തി ചെയ്യപ്പെടുന്ന കെട്ടിടത്തിലോ, ഭൂമിയിലോ പ്രവേശിക്കുകയും ആ പ്രവർത്തി തടയുന്നതിനാവശ്യമുള്ള എല്ലാ നടപടികളും സ്വീകരിക്കുന്നതിന് അധികാരമുണ്ടായിരിക്കും.

(B) നോട്ടീസ് അനുസരിച്ച് പ്രവർത്തിക്കുന്നില്ലായെങ്കിൽ ലൈസൻസ് ഇല്ലാത്ത സാധനമോ (പരസ്യ ബോർഡുകളോ അതിന്റെ ഭാഗങ്ങളോ അടക്കം), ലൈസൻസ് ഇല്ലാത്ത പരിസരങ്ങളിൽ സൂക്ഷിച്ചിരിക്കുന്നതോ സ്ഥാപിച്ചിരിക്കുന്നതോ ആയ സാധനങ്ങളോ (പരസ്യ ബോർഡുകളോ അതിന്റെ ഭാഗങ്ങളോ അടക്കം), സെക്രട്ടറിക്ക് നേരിട്ടോ, ചുമതലപ്പെടുത്തുന്ന ആളുകൾ മുഖേനയോ നീക്കം ചെയ്യാവുന്നതും, പിടിച്ചെടുക്കാവുന്നതും, പിടിച്ചെടുക്കപ്പെടുന്ന എല്ലാ സാധനങ്ങളും കേരളാ മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 474–ാം വകുപ്പ് പ്രകാരം പിടിച്ചെടുക്കുന്ന സാധനങ്ങൾ കൈയൊഴിക്കാൻ വ്യവസ്ഥ ചെയ്തിട്ടുള്ള വിധത്തിൽ കൈയൊഴിക്കേണ്ടതുമാണ്.

34. കാലാകാലങ്ങളിൽ സർക്കാരുകളും, കോടതികളും പുറപ്പെടുവിക്കുന്ന ഉത്തരവുകൾ അനുസരിച്ച് ഈ ബൈലോയിലെ വ്യവസ്ഥകൾ ഭേദഗതി ചെയ്യുന്നതിന് നഗരസഭാ കൗൺസിലിന് അധികാരമുണ്ടായിരിക്കുന്നതാണ്.

35. നഗരസഭാ പ്രദേശത്ത് സ്ഥാപിക്കുന്ന 4 ചതുരശ്ര മീറ്റർ വരെയുള്ള പരസ്യ ബോർഡിന്റെ ഒരു മാസത്തേക്കുള്ള ചുരുങ്ങിയ ലൈസൻസ് ഫീസ് 25/- രൂപയായിരിക്കുന്നതാണ്.അധികരിക്കുന്ന ഓരോ ചതുരശ്ര മീറ്ററിനും, അതിന്റെ അംശത്തിനും ഒരു മാസത്തേക്ക് 5 രൂപ വീതവും അധിക ഫീസടക്കേണ്ടതുമാണ്. എന്നാൽ 4 ചതുരശ്ര മീറ്റർ വരെയുള്ള ഒരു പരസ്യ ബോർഡിന്റെ ഒരു വർഷത്തേക്കുള്ള ചുരുങ്ങിയ ലൈസൻസ് ഫീസ് 250/- രൂപയായിരിക്കുന്നതാണ്. അധികരിക്കുന്ന ഓരോ ചതുരശ്ര മീറ്ററിനും, അതിന്റെ അംശത്തിനും ഒരു വർഷത്തേക്ക് 50 രൂപ വീതവും അധിക ഫീസടക്കേണ്ടതുമാണ്. മേൽ പറഞ്ഞ ലൈസൻസ് ഫീസ് കൂടാതെ ഓരോ ബോർഡിനും.......... രൂപ വീതം സെക്ക്യൂരിറ്റി ഡെപ്പോസിറ്റായും അടക്കേണ്ടതാണ്.

36. കാലാകാലങ്ങളിൽ മേൽ പറഞ്ഞ നിരക്കുകൾ അപര്യാപ്തമെന്നോ, അധികമെന്നോ തോന്നുന്ന പക്ഷമോ, സർക്കാർ ഉത്തരവുകൾക്ക്/കോടതിയുത്തരവുകൾക്ക് വിധേയമായോ, നഗരസഭാ കൗൺസിലിന് നിരക്കുകളിൽ വ്യതിയാനം വരുത്താവുന്നതാണ്.

37. കമാനങ്ങൾക്കും പരസ്യ ബോർഡുകൾക്കും ഇൻഷുറൻസ് പരിരക്ഷ ഉറപ്പ് വരുത്തേണ്ടത് ലൈസൻസിയുടെ ഉത്തരവാദിത്വമായിരിക്കും. കമാനങ്ങളും പരസ്യ ബോർഡുകളും സ്ഥാപിച്ചത് മൂലം ആർക്കെങ്കിലും എന്തെങ്കിലും തരത്തിലുള്ള അപകടം സംഭവിച്ചാൽ ആയതിന്റെ പൂർണ്ണ ഉത്തരവാദിത്വം ലൈസൻസിക്കായിരിക്കുന്നതും, നഷ്ടപരിഹാരം നൽകാൻ ലൈസൻസി ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്. ഇക്കാര്യത്തിൽ നഗരസഭക്ക് യാതൊരുവിധ ബാദ്ധ്യതയും ഉണ്ടായിരിക്കുന്നതുമല്ല.

സെക്രട്ടറി
കോതമംഗലം നഗരസഭ

(ഈ ബൈലോ ../.../2018-ലെ ......-ാം നമ്പർ തീരുമാനപ്രകാരം നഗരസഭാ കൗൺസിൽ അംഗീകരിച്ചിട്ടുള്ളതാണ്)

# കോതമംഗലം നഗരസഭ

*പരസ്യത്തിനുള്ള ബോർഡുകളും കമാനങ്ങളും സ്ഥാപിക്കുന്നതിനും*
*പരസ്യ പ്രദർശനാനുമതിക്കുമുള്ള അപേക്ഷ*

RENEWAL / NEW

1. അപേക്ഷന്റെ/ ഏജൻസിയുടെ പേര് :
2. മേൽവിലാസം (ഫോൺ നമ്പർ സഹിതം) :
3. അനുവാദം ഏത് ആവശ്യത്തിന് — വിസ്തീർണ്ണം — എണ്ണം — എത്ര കാലത്തേക്ക്

   a) കമാനം
   b) പരസ്യത്തിനുള്ള ബോർഡ്
      1) പ്രകാശിതമല്ലാത്ത ബോർഡ്.
      2) പ്രകാശിതമാക്കിയ ബോർഡ്
   c) ഇലക്ട്രോണിക് ഡിജിറ്റൽ സംവിധാനം കൊണ്ടുള്ള പരസ്യം
   d) താൽക്കാലിക പരസ്യബോർഡുകൾ (സൺപാക്ക്, ഫ്ളെക്സ് മുതലായവ ഉപയോഗിച്ചുള്ള പരസ്യം
   e) ഹോർഡിംഗ്

4. കമാനം സ്ഥാപിക്കുന്ന റോഡിന്റെ പേര്/ വീതി
5. പരസ്യത്തിന്റെ ബോർഡ് സ്ഥാപിക്കുന്ന സ്ഥലം (ഉടമയുടെ പേര്, അഡ്രസ്സ്, പൊതുസ്ഥലം/ സ്വകാര്യ സ്ഥലം)
6. പരസ്യം പ്രദർശിപ്പിക്കുന്ന പ്രദേശം-വാർഡ് സമീപ കെട്ടിട നമ്പർ വാർഡ് മുതലായവ
7. ബാനർ പ്രദർശിപ്പിക്കുന്ന റോഡിന്റെ വീതി
8. പരസ്യം എന്താണെന്ന് (ചുരുക്കത്തിൽ)
9. കമാനം/ബോർഡ് സ്ഥാപിക്കുന്നതും പരസ്യം പ്രദർശിപ്പിക്കുന്നതും ………… മുതൽ………….. വരെ
10. അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട മറ്റ് രേഖകൾ

   (എ)ലൊക്കേഷൻ പ്ലാൻ

   (ബി) എഗ്രിമെന്റ്

DRAFT

(സി) സ്ട്രക്ചറൽ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ്

(ഡി) സ്വകാര്യ സ്ഥലം/ പൊതുസ്ഥലം ഉടമയുടെ

(ഡിപ്പാർട്ടുമെന്റ്) സമ്മതപത്രം

(ഇ) കഴിഞ്ഞ വർഷത്തെ രസീത് (പുതുക്കുന്നതിന്)

## സത്യപ്രസ്താവന

1994 ലെ കേരളാ മുനിസിപ്പൽ ആക്ട് 567–ാം വകുപ്പിന്റെ (9),(10), (11), (32) എന്നീ ഉപ വകുപ്പുകളും 369,372,375,411,440,447 എന്നീ വകുപ്പുകളും ഉപ വകുപ്പുകളും 1999–ലെ കേരള മുനിസിപ്പാലിറ്റി (പൊതു തെരുവുകളിലും പൊതു സ്ഥലങ്ങളിലും കമാനങ്ങളും പരസ്യ ബോർഡുകളും സ്ഥാപിക്കൽ) ചട്ടങ്ങൾ പ്രകാരവും തൊടുപുഴ നഗരസഭാ കൗൺസിൽ അംഗീകരിച്ച ബൈലോയിലെ വ്യവസ്ഥകൾ ഞാൻ മനസ്സിലാക്കിയിട്ടുണ്ടെന്നും, ടി ബൈലോയിലെ വ്യവസ്ഥകളും, നഗരസഭാ സെക്രട്ടറിയുടെ നിർദ്ദേശങ്ങളും പാലിച്ചുകൊള്ളാമെന്നും ഇതിനാൽ സമ്മതിക്കുന്നു.

സ്ഥലം : ഒപ്പ്:

തീയതി : അപേക്ഷകന്റെ പേര് :

നോട്ട് : 1. 3 ൽ (എ) മുതൽ (ഇ) വരെയുള്ള ഇനങ്ങളിൽ ഓരോ എണ്ണത്തിനും പ്രത്യേക അപേക്ഷ തരേണ്ടതാണ്.

2. നിരോധിത മേഖലയായ ............................ മുതൽ ............................... വരെയുള്ള റോഡിന് അഭിമുഖമായി യാതൊരുവിധ പരസ്യവും അനുവദിക്കുന്നതല്ല.

---

## ആഫീസ് ആവശ്യത്തിന്

1. പരിശോധന ഉദ്യോഗസ്ഥന്റെ ശുപാർശ.
2. ധനകാര്യ കമ്മിറ്റി തീരുമാനം.
3. അനുവാദം കൊടുത്തതിന്റെ വിവരം – തീയതി
   എത്ര കാലത്തേക്ക് – നിബന്ധനകൾ
4. നഗരസഭയിൽ ഒടുക്കേണ്ട തുക

| | രൂപ | രസീത് നമ്പർ | തീയതി |
|---|---|---|---|
| (എ) ഹോർഡിംഗ്/ബോർഡ് ലൈസൻസ് ഫീസ് | | | |
| ഹോർഡിംഗ്/ബോർഡ് ഡെപ്പോസിറ്റ് | | | |
| (ബി) കമാനം ലൈസൻസ് ഫീസ് | | | |
| കമാനം ഡെപ്പോസിറ്റ് | | | |

അധികാരിയുടെ പേരും, ഒപ്പും,തീയതിയും

DRAFT

**അനുബന്ധം – 2**

**<u>സമ്മതപത്രം</u>**

............................... വർഷം ........................ മാസം ............................. തീയതി ഒന്നാം കക്ഷിയായ തൊടുപുഴ നഗരസഭാ സെക്രട്ടറിക്ക് രണ്ടാം കക്ഷിയായ .......................... ..........................................................(ആധാർ/ഇലക്ഷൻ ഐ.ഡി നം– ..................) എഴുതി നൽകുന്ന സമ്മതപത്രം.

നഗരസഭാ പ്രദേശത്ത് പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നതിനും/നാട്ടുന്നതിനുമുള്ള അനുമതിയ്ക്കായി താഴെപ്പറയുന്ന രേഖകൾ സഹിതം ഒന്നാം കക്ഷിക്ക് രണ്ടാം കക്ഷി സമ്മതിച്ച് എഴുതി നൽകുന്ന സമ്മതപത്രിക എന്തെന്നാൽ ചുവടെ കൊടുത്തിരിക്കുന്ന വിവരങ്ങൾ പ്രകാരം ഞാൻ സ്ഥാപിക്കുന്ന പരസ്യ ബോർഡ്/ഹോർഡിംഗ്/കമാനം 1994 – ലെ കേരളാ മുനിസിപ്പാലിറ്റി ആക്ടിലെ സെക്ഷൻ 369,372,375,411,440,447 എന്നിവയും ഉപ വകുപ്പുകളും,1999–ലെ കേരള മുനിസിപ്പാലിറ്റി (പൊതു തെരുവുകളിലും പൊതു സ്ഥലങ്ങളിലും കമാനങ്ങളും പരസ്യ ബോർഡുകളും സ്ഥാപിക്കൽ) ചട്ടങ്ങൾ എന്നിവ പ്രകാരം നഗരസഭാ കൗൺസിൽ അംഗീകരിച്ചതും, ഈ സമ്മതപത്രത്തിന്റെ ഭാഗമായുള്ള നഗരസഭയുടെ അംഗീകൃത നിയമാവലിയും ഞാൻ അനുസരിച്ച് കൊള്ളാമെന്ന് ഇതിനാൽ സമ്മതിക്കുകയും, ഏതെങ്കിലും കാരണവശാൽ അനുമതി നിഷേധിക്കുന്ന പക്ഷം പരസ്യബോർഡുകൾ സ്വന്തം ചെലവിലും, ബാദ്ധ്യതയിലും നീക്കം ചെയ്തുകൊള്ളാമെന്നും ഞാൻ സമ്മതിക്കുകയും ചെയ്യുന്നു.

**<u>പരസ്യ ബോർഡ്/ഹോർഡിംഗ്/കമാനം/എന്നിവ സംബന്ധിച്ച വിവരങ്ങൾ</u>**

1. ലൊക്കേഷൻ പ്ലാൻ സംബന്ധിച്ച വിവരം
2. സ്ട്രക്ചറൽ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ് സംബന്ധിച്ച വിവരം
3. പരസ്യത്തിന്റെ സ്വഭാവം– സംബന്ധിച്ച വിവരം

ഒന്നാം കക്ഷി:
മേൽവിലാസവും :

രണ്ടാം കക്ഷിയുടെ
പേരും മേൽവിലാസവും :

മുനിസിപ്പൽ സെക്രട്ടറി,
കോതമംഗലം നഗരസഭ

സാക്ഷികൾ (1)

DRAFT